**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3082** **25-06-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിനായുള്ള സ്ഥലമെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിനായുള്ള ഒന്നാംഘട്ട സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള വഴിയും പാർക്കിംഗ് ഏരിയയും നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നതിന് 24/07/2018ലെ സ.ഉ (സാധാ)നം.610/2018/മതുവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും 03/02/2024 ലെ സ.ഉ (സാധാ)നം.75/2024/മതുവ നം. ഉത്തരവ് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് 237.54 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് 02/03/2024 ലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 794 പ്രകാരം 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു. സ്ഥലമുടമകളിൽ നിന്നും സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ച് വരുന്നു |
| (ബി) | സ്ഥലമുടമകൾക്ക് നഷ്ടപരിഹാര തുക നൽകി സ്ഥലം ഏറ്റെടുത്ത് ഒന്നാംഘട്ട വികസനം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള വഴി, പാർക്കിംഗ് ഏരിയ, യാർഡ് ലൈറ്റ് എന്നിവ ഉൾപ്പെടെയുള്ള ഒന്നാംഘട്ട വികസനത്തിന് ആവശ്യമായ പദ്ധതി രൂപരേഖ തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. ഭരണാനുമതി നൽകിയതിന് ശേഷം ഒരു വർഷം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്ററിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | ഫിഷ് ലാന്റിംഗ് സെന്ററിന്റെ രണ്ടാം ഘട്ട വികസനത്തിനായി 8.575 സെന്റ് സ്ഥലം കൂടി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ